സർക്കുലർ നമ്പർ C/9/2018-19


# സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ
# സെൻട്രൽ കൗൺസിൽ

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636.
ഫോൺ: (0494) 2400530, 2400749, ഫേക്സ്: 2400530 (0494)
**website: www.skjmcc.com, Email: skjmccchelari@gmail.com**


## 15–ാമത് സംസ്ഥാന

# ഇസ്‌ലാമിക
# കലാ സാഹിത്യമത്സരം

## മദ്റസാ വിദ്യാർത്ഥി,
## മുഅല്ലിം ഫെസ്റ്റ്

# I മദ്റസാ വിദ്യാർത്ഥി ഫെസ്റ്റ്

***കലാ മത്സരം സംബന്ധിച്ച് റെയ്ഞ്ച്, ജില്ലാ ഭാരവാഹികളെ അറിയിക്കുന്നത്.***

മാന്യരെ, **السلام عليكم**

അംഗീകൃത മദ്റസകളിൽ പഠിക്കുന്ന ആൺകുട്ടികളെ കിഡ്സീസ്, സബ്ജൂനിയർ, ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിച്ച് ഈ വർഷം മദ്റസാ -റെയ്ഞ്ച്- ജില്ലാ തല കലാ സാഹിത്യമത്സരം സംഘടിപ്പിക്കേണ്ടതാണ്. മദ്റസാ തല മത്സരം നബിദിന പരിപാടിയോടൊപ്പം നടത്തേണ്ടതാണ്. മദ്റസാതല നബിദിന പരിപാടികളിൽ സ്റ്റേജ് പരിപാടിയല്ലാത്ത വിധം ഖുർആൻ പാരായണം, ഹിഫ്ള്, കൈയെഴുത്ത്, ചിത്രരചന, പോസ്റ്റർ രചന, ക്വിസ്, പദപ്പയറ്റ്, ബുർദാ ആലാപനം, മാലപ്പാട്ട്, അറബി മലയാളം കൈയെഴുത്ത് മാസിക തുടങ്ങിയ ഇനങ്ങളിലും പ്രോത്സാഹന സമ്മാനങ്ങളിലും അതത് മദ്റസാ വിദ്യാർത്ഥിനികളെയും ഉൾപ്പെടുത്താവുന്നതാണ്. വിദ്യാർത്ഥിനികളുടെ മത്സരം സംബന്ധിച്ച നിബന്ധനകൾ അവസാനത്തിൽ ചേർത്തിട്ടുണ്ട്. പെൺകുട്ടികളുടെ പരിപാടികൾ മദ്റസാതലത്തോടെയും കിഡ്സീസ് വിഭാഗത്തിന്റെ മത്സരം റെയ്ഞ്ച് തലത്തോടെയും അവസാനിപ്പിക്കേണ്ടതാണ്.

ഉറുദു ഭാഷ അധ്യയന മാധ്യമമായുള്ള മദ്റസകളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഭാഷാ ഇനങ്ങളിൽ ഉറുദുവിലുള്ള പരിപാടികൾ അവതരിപ്പിക്കാവുന്നതാണ്. എന്നാൽ രണ്ട് ഭാഷകളിൽ കൂടി പരിപാടി അവതരിപ്പിച്ചാൽ ഒന്നുമാത്രമേ പരിഗണിക്കുകയുള്ളൂ.

**മത്സര ഇനങ്ങൾ, വിഭാഗം, സമയം, നിബന്ധനകൾ, മാർക്ക് മാനദണ്ഡം എന്നിവ താഴെ ചേർക്കുന്നു.**

### 1. കിഡ്സീസ് I, II ക്ലാസുകൾ (8 വയസ്/31-12-2010 ന് ശേഷം ജനിച്ചവർ മാത്രം)

1. ഗാനം, 2. കഥാകഥനം 3. ചിത്രരചന

### 2. സബ്ജൂനിയർ III, IV ക്ലാസുകൾ
### (11 വയസ്/31-12-2007 ന് ശേഷം ജനിച്ചവർ മാത്രം)

1. ഖിറാഅത്ത് (സൂറ: സ്വാഫ്ഫാത്ത്) 2. ഹിഫ്ള് (സൂറ: അൽ ഹുമസ മുതൽ സൂറ: അന്നാസ് വരെ) 3. മലയാളം/തമിഴ്/കന്നഡ/ ഉറുദു ഇസ്ലാമിക സിംഗ്ൾ ഗാനം 4. മലയാളം/തമിഴ്/കന്നഡ/ഉറുദു സമൂഹഗാനം 5. അറബി മലയാളം/അറബി തമിഴ്/ഉറുദു കൈയെഴുത്ത് 6. ചിത്രരചന 7. ക്വിസ്, 8. ഓർമ പരിശോധന

## 3. ജൂനിയർ V, VI ക്ലാസുകൾ
## (14 വയസ്/31-12-2004 ന് ശേഷം ജനിച്ചവർ മാത്രം)

1. ഖിറാഅത്ത് (സൂറ: ആലു ഇംറാൻ) 2. ഹിഫ്ള് (സൂറ: യാസീൻ, അഅ്‌ലാ മുതൽ അള്ളുഹാ വരെ) 3. ബാങ്ക് (സ്വുബ്ഹ്) 4. മലയാളം/ തമിഴ്/കന്നഡ പ്രസംഗം 5. അറബി ഇസ്‌ലാമിക സിംഗ്ൾ ഗാനം. 6. മലയാളം/തമിഴ്/കന്നഡ/ഉറുദു ഇസ്‌ലാമിക സിംഗ്ൾ ഗാനം 7. മലയാളം/തമിഴ്/കന്നഡ/ഉറുദു ഇസ്‌ലാമിക സമൂഹഗാനം 8. മലയാളം/ തമിഴ്/കന്നഡ/ഉറുദു ഇസ്‌ലാമിക കഥാപ്രസംഗം 9. പടപ്പാട്ട് (മോയിൻകുട്ടി വൈദ്യരുടെ ബദ്ർ പടപ്പാട്ട് മാത്രം) 10. അറബി കൈയെഴുത്ത് (ഖത്ത്നുസ്ഖ്) 11. ചിത്രരചന 12. ക്വിസ്സ്.

## 4. സീനിയർ VII, VIII ക്ലാസുകൾ (16 വയസ്/31-12-2002 ന് ശേഷം ജനിച്ചവർ മാത്രം)

1. ഖിറാഅത്ത് (സൂറ: മാഇദ) 2. ഹിഫ്ള് (സൂറ: വാഖിഅ, മുൽക്, 3. ബാങ്ക് (സ്വുബ്ഹ്) 4. അറബി പ്രസംഗം (പരിഭാഷ ഇല്ല) 5. മലയാളം/തമിഴ്/ കന്നഡ/ഉറുദു പ്രസംഗം 6. അറബി ഇസ്‌ലാമിക സിങ്കിൾ ഗാനം. 7. മലയാളം/തമിഴ്/കന്നഡ/ഉറുദു ഇസ്‌ലാമിക സിങ്കിൾ ഗാനം. 8. മലയാളം/തമിഴ്/കന്നഡ/ഉറുദു ഇസ്‌ലാമിക കഥാപ്രസംഗം 9. പടപ്പാട്ട് (മോയിൻകുട്ടി വൈദ്യരുടെ മലപ്പുറം പടപാട്ട് മാത്രം) 10. ബുർദാ ആലാപനം. 11. മലയാളം/തമിഴ്/ കന്നഡ/ഉറുദു പ്രബന്ധം 12. ക്വിസ്സ് 13. മലയാളം/തമിഴ്/കന്നഡ/ഉറുദു പോസ്റ്റർ നിർമാണം

## 5. സൂപ്പർ സീനിയർ (IX, X, +1, +2 ക്ലാസുകൾ)
## (20 വയസ്/31-12-1998 ന് ശേഷം ജനിച്ചവർ മാത്രം)

1. ഖിറാഅത്ത് (ഖുർആൻ മുഴുവനും) 2. ഹിഫ്ള് (സൂറ: യാസീൻ, സജദ, സൂറത്തുന്നബഅ് മുതൽ ഗാശിയ കൂടി) 3. ബാങ്ക് (സ്വുബ്ഹ്) 4. അറബി പ്രസംഗം (പരിഭാഷ ഇല്ല) 5. മലയാളം/തമിഴ്/കന്നഡ/ ഉറുദു പ്രസംഗം 6. അറബി ഇസ്‌ലാമിക സിങ്കിൾ ഗാനം. 7. മലയാളം/ തമിഴ്/കന്നഡ/ഉറുദു ഇസ്‌ലാമിക സിങ്കിൾ ഗാനം. 8. മലയാളം/തമിഴ്/ കന്നഡ/ഉറുദു ഇസ്‌ലാമിക കഥാപ്രസംഗം 9. പടപ്പാട്ട് (മോയിൻകുട്ടി വൈദ്യരുടെ ഉഹ്ദ് പടപ്പാട്ട് മാത്രം) 10. മലയാളം/തമിഴ്/ കന്നഡ/ ഉറുദു പ്രബന്ധം 11. മലയാളം/തമിഴ്/കന്നഡ/ഉറുദു വാർത്താകുറിപ്പ് തയ്യാറാക്കൽ, 12. അറബി പദപ്പയറ്റ്, 13. ബുർദാ ആലാപനം

## സമയവിവരം

1. ഖിറാഅത്ത്, ഗാനം, കഥാകഥനം മൂന്ന് മിനുട്ട്. ഹിഫ്ള്, പടപ്പാട്ട്, പ്രസംഗം, സമൂഹഗാനം, ഓർമപരിശോധന അഞ്ച് മിനുട്ട്. കൈയെഴുത്ത്, ബുർദാ ആലാപനം, കഥാപ്രസംഗം, പത്ത് മിനുട്ട്. പ്രബന്ധം ഒരു മണിക്കൂർ. പോസ്റ്റർ നിർമാണം 30 മിനുട്ട്, വാർത്താകുറിപ്പ് തയ്യാ

റാക്കൽ 15 മിനുട്ട്, ചിത്രരചന (വാട്ടർ കളർ) ഒരു മണിക്കൂർ. ബാങ്കിന് സമയനിർണയമില്ല. ക്വിസ്, പദപയറ്റ് എന്നിവ ഒരു മണിക്കൂറിൽ കൂടാൻ പാടില്ല.)

## നിബന്ധനകൾ

1. റെയ്ഞ്ച്, ജില്ലാ, സംസ്ഥാനതല മത്സരം സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിന്റെ അംഗീകൃത മദ്‌റസകളിൽ പഠിക്കുന്നവരും നിയമാനുസൃതം അഡ്മിഷൻ റജിസ്റ്ററിൽ പേർ ചേർക്കപ്പെട്ടവരുമായ ആൺകുട്ടികൾക്ക് മാത്രം ഉള്ളതാകുന്നു.

2. **പ്രസംഗ വിഷയം:** –ജൂനിയറിന് 'ഇസ്‌ലാം; നന്മയുടെ വീണ്ടെടുപ്പിന്' എന്നതും സീനിയറിന് 'വിശ്വശാന്തിക്ക് മതവിദ്യ' എന്നതുമാണ്. സൂപ്പർ സീനിയറിന് 'കാലം സാക്ഷി, മനുഷ്യൻ നഷ്ടത്തിലാണ്' എന്നുമായിരിക്കും.

3. അറബി പദപയറ്റ്: ജൂറി ആദ്യം ഒരു അറബി ത്രയാക്ഷരീ ഭൂത കാല ക്രിയാപദം (ഫിഅ്‌ലു മാളി സുലാസി മുജർറദ്) പറയുന്നു. അതിന്റെ അവസാനത്തെ അക്ഷരം ഉപയോഗിച്ച് ആദ്യത്തെയാൾ മറ്റൊരു ഫിഅ്‌ലുമാളി സുലാസീ മുജർറദ് പറയണം. അങ്ങനെ തൊട്ടു മുമ്പ് പറഞ്ഞ പദത്തിന്റെ അവസാനത്തെ അക്ഷരം ഉപയോഗിച്ച് മറ്റുള്ളവരും. അവസാനത്തിൽ ഉച്ചാരണത്തിൽ വരാത്ത അക്ഷരമാണെങ്കിൽ അടുത്തയാൾ തൊട്ടുമുമ്പുള്ള അക്ഷരംകൊണ്ട് തുടങ്ങുന്ന പദം പറയണം. പെട്ടെന്ന് പദം പറയാൻ കഴിയാത്തവർക്ക് ഓർമിച്ചുപറയാൻ 10 സെക്കന്റ് അനുവദിക്കാവുന്നതാണ്. അതിനുള്ളിൽ പറയാൻ കഴിയാത്തവർ പുറത്തുപോകും. മത്സരാർത്ഥികൾ എല്ലാം ഒരേ സമയം സ്റ്റേജിൽ അണിനിരക്കേണ്ടതാണ്. മത്സരം ആരംഭിച്ച ശേഷം വരുന്നവർക്ക് പ്രവേശനം ഉണ്ടാകില്ല.

4. ബുർദാ ആലാപനം: ബുർദ ആലാപനത്തിന് അമീർ അടക്കം 7 (ഏഴ്) പേരുണ്ടായിരിക്കേണ്ടതും ഖസ്വീദത്തുൽ ബുർദയിലെ വരികൾ മാത്രം ചൊല്ലി അവതരിപ്പിക്കേണ്ടതുമാണ്. ബുർദ ഈരടികൾക്കൊപ്പം മൂക്കുകൊണ്ടോ വായ കൊണ്ടോ ഉണ്ടാക്കുന്ന മറ്റു ശബ്ദഅകമ്പടികൾ ഉണ്ടാവാൻ പാടില്ല. നിന്നും ഇരുന്നും സാരാനുസൃതവും ഭക്തിദ്യോതകവുമായ ശരീര അവയവ ആംഗ്യം ആകാവുന്നതാണ്. മിഴിവേകുന്നതിന് ചിലമ്പില്ലാത്ത ഒരു ദഫോ അറബനയോ മാത്രം ഉപയോഗിക്കാവുന്നതുമാണ്. ഒന്നിലധികം ദഫോ ബുർദയല്ലാത്ത ബൈതുകളോ അനുവദിക്കുന്നതല്ല. (ജവാബിന് മൗലീദ് ബൈത്തിലെ ജവാബും ആകാം)

പടപ്പാട്ടിൽ അവതരിപ്പിക്കുന്ന ഇശലിന്റെ ആദ്യം മുതൽ തന്നെ പാടി അവതരിപ്പിക്കേണ്ടതാണ്. വരികൾ വിട്ടുള്ള അവതരണം മത്സര

ത്തിൽ പരിഗണിക്കുന്നതല്ല. പടപ്പാട്ട്, മാലപ്പാട്ട് മത്സരങ്ങളിൽ പാടി അവതരിപ്പിക്കുന്നതിന് മോയിൻകുട്ടി വൈദ്യരുടെ ബദ്റ്, ഉഹ്ദ്, മല പ്പുറം പട, ശുജാഇയുടെ സഫലമാല എന്നിവയിൽനിന്ന് തെരഞ്ഞെ ടുത്ത ഇശലുകൾ അറബി മലയാളത്തിൽ ജംഇയ്യത്തുൽ മുഅല്ലിമീൻ അച്ചടിച്ചു വിതരണം ചെയ്യുന്നുണ്ട്. അവതന്നെ നമ്മുടെ പരിപാടികളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

5. ഓർമപരിശോധന: 25-ൽ കുറയാത്ത വസ്തുക്കൾ ഒരു രഹസ്യ സ്ഥലത്ത് ശേഖരിക്കുകയും 3 മിനുട്ട് മത്സരാർത്ഥികൾക്ക് പ്രദർശിപ്പി ക്കുകയും ചെയ്യേണ്ടതാണ്. പിന്നീട് സ്റ്റേജിലെത്തി കുട്ടികൾ 5 മിനിറ്റി നകം അത് കടലാസിൽ പകർത്തി നൽകേണ്ടതാണ്.

6. ഒരു കുട്ടിക്ക് മൂന്നിലധികം വ്യക്തിഗത വിഷയങ്ങളിലും, ഓരോ ഇനത്തിലും നിശ്ചിത പ്രായത്തിൽ കവിഞ്ഞവർക്കും, നിശ്ചിതപ്രായം കവിയാത്ത മദ്റസാ വിദ്യാർത്ഥികളല്ലാത്തവർക്കും ഒരേ ഇനത്തിൽ വിവിധ മദ്റസകളിലെ കുട്ടികൾ കൂട്ടുചേർന്നും മത്സരിക്കാൻ പാടു ള്ളതല്ല. അങ്ങനെ ഉണ്ടെന്ന് തെളിഞ്ഞാൽ അത് അയോഗ്യതയായി പരിഗണിക്കുന്നതാണ്. (സമൂഹ ഇനങ്ങളിൽ സംബന്ധിക്കുന്നത് വ്യക്തിഗത ഇനങ്ങളിൽ പരിഗണിക്കുന്നതല്ല.)

7. വയസ് തെളിയിക്കുന്നതിന് ജനന തിയ്യതി വ്യക്തമാക്കുന്ന മദ്റസാ മാനേജിങ് കമ്മിറ്റിയും സ്വദ്റും ഒപ്പിട്ട രേഖ അപേക്ഷയോ ടൊപ്പം റെയ്ഞ്ചിലും, റെയ്ഞ്ച് സാക്ഷ്യപ്പെടുത്തിയത് ജില്ലയിലും ഹാജ രാക്കേണ്ടതാണ്. ആവശ്യമായി വന്നാൽ വയസ്സ് തെളിയിക്കുന്നതിന് മദ്റസാ അഡ്മിഷൻ റജിസ്റ്ററിലെ തിയ്യതിയായിരിക്കും പരിഗണിക്കു ക.

8. ക്വിസിനുള്ള ചോദ്യങ്ങൾ 50% പാഠകിതാബുകളെ അവലംബ മാക്കിയും ബാക്കി 25% സംഘടനാപരം 25% പൊതുവിജ്ഞാനം എന്നിവയെ ആസ്പദമാക്കിയുമായിരിക്കും. അറബി-മലയാള, കന്നഡ, തമിഴ് ഗാനങ്ങളും കഥാപ്രസംഗവുമെല്ലാം ഇസ്ലാമികമായിരിക്കണം. സബ്ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളുടെ അറബി, മലയാള ഗാനങ്ങളിൽ പടപാട്ട് അല്ലാത്ത എല്ലാ ഇസ്ലാമിക ഗാനങ്ങളും അവ തരിപ്പിക്കാം. എന്നാൽ ഓരോ വിഭാഗത്തിനും നിർദ്ദേശിക്കപ്പെട്ട മോയിൻകുട്ടി വൈദ്യരുടെ (ബദ്ർ, ഉഹ്ദ്, മലപ്പുറം പട) പടപ്പാട്ടുക ളിൽ നിന്നുള്ള പാട്ടുകൾ മാത്രമേ അവതരിപ്പിക്കാൻ പാടുള്ളൂ.

9. സ്റ്റേറ്റിനു പുറത്തുനിന്ന് വരുന്ന കുട്ടികൾക്ക് മലയാള ഭാഷയ്ക്കു പകരമായി കന്നട, തമിഴ്, ഉറുദു എന്നീ ഭാഷകളിൽ പ്രസംഗം, ഗാനം, എന്നിവ അവതരിപ്പിക്കാവുന്നതും പോസ്റ്റർ രചന, പ്രബന്ധം എന്നിവ തമിഴ്, കന്നട, ഉറുദു ഭാഷകളിലും അറബി മലയാളം കൈയെഴുത്ത് അറബി തമിഴ് എന്നീ ഏതെങ്കിലും ഒരു ലിപിയിലും എഴുതാം. അവ

മത്സര ഇനങ്ങളിൽ ഉൾപ്പെടുത്തുന്നതുമാണ്. എന്നാൽ അതോടൊപ്പം അതേ റെയ്ഞ്ച്, ജില്ലക്കാർ മലയാളം, അറബി മലയാളം എന്നിവയിൽ കൂടി പരിപാടി അവതരിപ്പിച്ചാൽ അത് മാർക്കിൽ പരിഗണിക്കുന്നതല്ല.

10. കൈയെഴുത്ത്, പ്രബന്ധം, പോസ്റ്റർ-ചിത്രരചന, വാർത്താകുറിപ്പ് തയ്യാറാക്കൽ എന്നിവയുടെ വിഷയം യഥാസമയം നൽകുന്നതാണ്. ഇവയിൽ പങ്കെടുക്കുന്നവർ എഴുതാനും വരയ്ക്കാനുമുള്ള ഉപകരണങ്ങൾ (പേന, പെൻസിൽ, സ്കെയിൽ, പോസ്റ്റർ കളർ, വാട്ടർകളർ എന്നിവ) കൊണ്ടുവരേണ്ടതാണ്.

11. ആവശ്യമെന്ന് തോന്നുന്നപക്ഷം ജില്ലകൾക്ക് സൗകര്യാർത്ഥം വിവിധ മേഖലകളാക്കിത്തിരിച്ച് മത്സരം നടത്താവുന്നതും മേഖലാ വിജയികൾക്ക് പിന്നീട് ജില്ലാതല മത്സരം സംഘടിപ്പിച്ച് അതിൽ വിജയിച്ചവരെ മാത്രം സ്റ്റേറ്റ് മത്സരത്തിലേക്കയക്കേണ്ടതുമാണ്. എന്നാൽ മേഖലാതല മത്സരം നടത്തുന്ന ജില്ലക്കാരും സ്റ്റേറ്റ്മത്സരാർത്ഥികളുടെ ലിസ്റ്റ് നിശ്ചിത തിയ്യതിക്കുതന്നെ ഓഫീസിലെത്തിക്കേണ്ടതാണ്. ഒരു ജില്ലക്കും ഒന്നിലധികം പ്രാതിനിധ്യം നൽകുന്നതല്ല.

12. മദ്റസാ തല മത്സരത്തിൽ ഓരോ ഇനത്തിലും വിജയിച്ചവരുടെ ലിസ്റ്റ് **5-12-2018ന്** (റബീഉൽ അവ്വൽ 28) മുമ്പായി റെയ്ഞ്ചിലേക്കും, റെയ്ഞ്ച്തല മത്സരത്തിൽ വിജയിച്ചവരുടെ ലിസ്റ്റ് **31-12-18ന്** (റബീഉൽ ആഖർ 24) മുമ്പായി ജില്ലയിലേക്കും ജില്ലാ തല മത്സരത്തിൽ ഫസ്റ്റ് നേടിയവരുടെ ലിസ്റ്റ് **10-02-19ന്** (ജുമാദൽ ആഖർ 5) മുമ്പായി കൗൺസിൽ ഓഫീസിലും ലഭിച്ചിരിക്കണം.

13. വിജയികളുടെ പേരും മറ്റു വിവരങ്ങളും നിശ്ചിത ഫോറത്തിൽ യഥാവിധം പൂരിപ്പിക്കുകയും, സ്വദ്ർ, പ്രസിഡണ്ട്, സെക്രട്ടറി, ടീം മാനേജർ എന്നിവരുടെ ഒപ്പും സീലും രേഖപ്പെടുത്തുകയും വേണം. ഒരു കാരണവശാലും ലിസ്റ്റിൽ പിന്നീട് മാറ്റത്തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും മത്സരത്തിൽ ഉൾപെടുത്തുന്നതല്ല.

14. നിശ്ചിത തിയ്യതിക്കുശേഷം ലഭിക്കുന്നവയും പൂർണ വിവരങ്ങൾ ഇല്ലാത്തവയും പരിഗണിക്കുന്നതല്ല.

15. മത്സര വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും കാഷ് അവാർഡുകളും അതോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പൊതുപരിപാടിയിൽ വെച്ചുതന്നെ വിതരണം ചെയ്യപ്പെടുന്നതും വിജയികൾ യഥാസമയം തന്നെ അവ ഏറ്റുവാങ്ങേണ്ടതുമാണ്. പിന്നീട് ലഭിച്ചില്ലെന്ന പരാതി ഒരു കാരണവശാലും സ്വീകരിക്കുന്നതും പരിഗണിക്കുന്നതുമല്ല. സ്റ്റേറ്റ് മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കുള്ള പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ ഓരോ പരിപാടിയുടെയും അവസാനം വിതരണം ചെയ്യുന്നതാണ്. മത്സരാർത്ഥികൾ ചെസ്റ്റ് നമ്പർ കാണിച്ച്

അപ്പോൾതന്നെ  കൈപറ്റേണ്ടതാണ്.

16. റെയ്ഞ്ചു ജില്ലാ തല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടി വിജയിച്ചവർക്ക് മാത്രം സർട്ടിഫിക്കറ്റ് നൽകിയാൽ മതി. പാർട്ടിസിപ്പേഷൻ സർട്ടിഫിക്കേറ്റ് നൽകേണ്ടതില്ല.

17. ലിസ്റ്റിൽ നേരത്തെ കാണിച്ച പരിപാടിതന്നെ അവതരിപ്പിക്കേണ്ടതാണ്. ഒരു മാറ്റവും അനുവദിക്കുന്നതല്ല. ഒരു വിഷയത്തിൽ ഒരു ഫസ്റ്റ് മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. ഓരോ ഇനം തീരുമ്പോഴും വിധികർത്താക്കൾ തന്നെ ഫലപ്രഖ്യാപനം നടത്തുന്നതും അത് ചോദ്യം ചെയ്യാൻ പാടില്ലാത്തതും എതിരെ പരാതിയോ ശുപാർശയോ ഒരു കാരണവശാലും സ്വീകരിക്കപ്പെടാൻ പാടില്ലാത്തതുമാകുന്നു.

18. ഓരോ ഇനത്തിലും മത്സരിക്കുന്ന വിദ്യാർത്ഥികളെ പരിപാടി നടക്കുന്ന സ്റ്റേജിൽ യഥാസമയം എത്തിക്കേണ്ട ബാധ്യത അതത് ടീം മാനേജർമാർക്കാകുന്നു. അതിനുവേണ്ട ക്രമീകരണങ്ങൾ നേരത്തെ ചെയ്യേണ്ടതാണ്. പരിപാടി കഴിഞ്ഞശേഷം എത്തുന്നവർക്ക് യാതൊരു കാരണവശാലും പിന്നീട് ആ ഇനത്തിൽ മത്സരിക്കാൻ അവസരം നൽകുന്നതല്ല.

19. വിദ്യാർത്ഥികളുടെ മദ്റസാ- റെയ്ഞ്ച്- ജില്ലാ തല മത്സരങ്ങൾക്കുള്ള ചെലവുകൾ അതത് കമ്മിറ്റി തന്നെ വഹിക്കേണ്ടതാണ്. സ്റ്റേറ്റ് കമ്മിറ്റിയിൽനിന്ന് ചെലവ് വകവെച്ചു കൊടുക്കന്നതല്ല. റെയ്ഞ്ചിൽനിന്നും ജില്ലാതല മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ കൂടെ വരുന്ന ഒരു ടീം മാനേജർ, ഒരു അസിസ്റ്റന്റ് എന്നീ രണ്ടുപേരുടെ ചെലവുകൾ ജില്ല വഹിക്കേണ്ടതും ഓരോ ജില്ലയിൽ നിന്നും സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ, ഒരു ടീം മാനേജർ, ഒരു അസിസ്റ്റന്റ് എന്നിവരുടെ ഭക്ഷണവും താമസ സൗകര്യവും സ്റ്റേറ്റ് കമ്മിറ്റി വഹിക്കുന്നതുമാണ്. കൂടുതലായി കുട്ടികളുടെ കൂടെ വരുന്ന ആളുകളുടെ ചെലവുകളും താമസവും അവരവർ വഹിക്കേണ്ടതാണ്. സ്റ്റേറ്റ് കമ്മിറ്റി വഹിക്കുന്നതല്ല.

20. സമൂഹഗാനത്തിനു മൂന്നും ബുർദാ ആലാപനത്തിന് ഏഴും പേർ ഉണ്ടയാരിക്കേണ്ടതും, അതിൽ കൂടാനോ കുറയാനോ പാടില്ലാത്തതും പ്രസ്തുത മത്സരാർത്ഥികളുടെ  പേരുവിവരങ്ങൾ പൂർണമായും ക്രമമായും അതാത് കേന്ദ്രങ്ങളിലേക്കയക്കുന്ന ലിസ്റ്റിൽ മുൻകൂട്ടിതന്നെ ഉൾപ്പെടുത്തിയിരിക്കേണ്ടതുമാണ്. അല്ലെങ്കിൽ സർട്ടിഫിക്കറ്റും സമ്മാനവും ലഭിക്കുന്നതല്ല. കഥാപ്രസംഗത്തിൽ കാഥികൻ തന്നെ കഥയും പാട്ടും പ്രസംഗവും അവതരിപ്പിക്കേണ്ടതാണ്.. അതനുസരിച്ചാണ് മാർക്ക് നൽകേണ്ടതും. സഹഗായകരെ അനുവദിക്കുകയില്ല. ഗാനാവതരണവേളയിൽ മൈക്ക് കൈയിൽ പിടിച്ചു പാടുന്നതും ശാരീരികമായി താളം വെക്കുന്നതും മാർക്കിൽ പ്രത്യേകം പരിഗണിക്കപ്പെടുകയില്ല.

21. ചിത്രരചനയിൽ പങ്കെടുക്കുന്നവരുടെ ഭാവനക്കനുസരിച്ച് ചിത്രം വരച്ച് വാട്ടർ കളർ ഉപയോഗിച്ച് നിറം കൊടുക്കേണ്ടതാണ്. പോസ്റ്റർ നിർമാണത്തിന് മാറ്റർ ക്രമീകരണം നടത്തി വാട്ടർ കളർ ഉപയോഗിച്ചു വരക്കേണ്ടതാണ്. വാർത്താകുറിപ്പ് തയ്യാറാക്കുന്നവർ വിഷയം ലഭിച്ചാൽ വിഷയം മുഴുവൻ ഉൾകൊള്ളുന്നവിധം ആകർഷകവും ലളിതവുമായി മാറ്റർ ക്രമീകരിച്ചു എഡിറ്റ് ചെയ്യാനില്ലാത്തവിധം എഴുതി നൽകേണ്ടതാണ്. മൂന്നിനുമുള്ള വിഷയം യഥാസമയം നൽകുന്നതാണ്.

22. വിദ്യാർത്ഥികളുടെ ഉറുദു പരിപാടികൾ ഉറുദു പാഠ്യപദ്ധതിയായുള്ള വിദ്യാർത്ഥികൾക്ക് മാത്രം ഉള്ളതാണ്.

23. കിഡ്ഡീസ് - സബ്ജൂനിയർ, ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ എന്നിങ്ങനെ മത്സരാർത്ഥികളുടെ പേരുവിവരം നിശ്ചിതഫോറത്തിൽ വെവ്വേറെ എഴുതേണ്ടതാണ്. ഇടകലർത്തി എഴുതിയാൽ സ്വീകരിക്കുന്നതല്ല. എന്നാൽ സ്റ്റേറ്റ്, ജില്ലാ തലങ്ങളിലേക്കയക്കുന്ന എൻട്രി ഫോറങ്ങളിൽ കിഡ്ഡീസ് വിഭാഗത്തിന്റെ പരിപാടികൾ നൽകാൻ പാടില്ല.

# II വിദ്യാർത്ഥിനി ഫെസ്റ്റ്

1. പെൺകുട്ടികൾക്ക് ഖുർആൻ പാരായണം, ഹിഫ്ള്, കൈയെഴുത്ത്, ചിത്രരചന, പോസ്റ്റർ രചന, ക്വിസ്, പദയപ്പയറ്റ് എന്നിവക്കൊപ്പം ഈ വർഷം മാലപ്പാട്ട്, ബുർദ ആലാപനം, അറബി മലയാളം കൈയെഴുത്ത് മാസിക തയ്യാറാക്കൽ എന്നീ ഇനങ്ങളും ഉൾപെടുത്തിയിട്ടുണ്ട്.

2. പെൺകുട്ടികളുടെ എല്ലാ പരിപാടികളും ക്ലാസ് റൂമുകളിൽവെച്ച് മാത്രം നടത്തേണ്ടതാണ്. കൈയ്യെഴുത്ത് മാസിക അല്ലാത്ത എല്ലാ മത്സരങ്ങളും മദ്റസാതല പരിപാടികളോടെ അവസാനിപ്പിക്കേണ്ടതുമാണ്.

3. വിജയികളാകുന്ന പെൺകുട്ടികളെ യാതൊരു കാരണവശാലും സ്റ്റേജിലേക്കോ സദസ്സിലേക്കോ ക്ഷണിച്ചുവരുത്താൻ പാടില്ല. അർഹതപ്പെട്ട സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും പിതാക്കളോ സഹോദരന്മാരോ മുഖേന വിതരണം ചെയ്യേണ്ടതാണ്.

4. മത്സരത്തിനു സമർപിക്കുന്ന കൈയെഴുത്ത് മാസികയുടെ പേര് സുകൃതം എന്നതും ലിപി അറബി മലയാളം ആയിരിക്കേണ്ടതുമാണ്. ഓരോ മാസികക്കും പതിനഞ്ചിൽ കുറയാത്ത ഒരു എഡിറ്റോറിയൽബോർഡ് ഉണ്ടായിരിക്കേണ്ടതും തെരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പിന്റെ മാഗസിനോടൊപ്പം എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടെ പേര്, മദ്റസ, ക്ലാസ്, വയസ്സ് എന്നിവയടങ്ങിയ സ്വദർ മുഅല്ലിം സാക്ഷ്യപ്പെടുത്തിയ ലിസ്റ്റും സമർപിക്കേണ്ടതാണ്.

5. കൈയെഴുത്ത് മാസിക മറ്റു പരിപാടികൾക്ക് മുമ്പെ തയ്യാറാക്കി സമർപിക്കേണ്ടതും എൻട്രികൾ വാല്യുവേഷൻ നടത്തി വിദ്യാർത്ഥി ഫെസ്റ്റിനൊടൊപ്പം വിജയികളെ പ്രഖ്യാപിച്ചു സമ്മാന വിതരണം നട ത്തേണ്ടതുമാണ്.

6. പേജുകളുടെ എണ്ണം 32 പേജിൽ കുറയാനോ 64 പേജിൽ കൂടാനോ പാടില്ലാത്തതും, വലിപ്പം A4 സൈസും ആയിരിക്കണം.

7. ഇൻഡക്സ് പേജ്, എഡിറ്റോറിയൽ, ലേഖനങ്ങൾ, കഥകൾ, കവിതകൾ, ചരിത്രകഥകൾ, ഇസ്‌ലാമിക കഥകൾ, കുട്ടികൾ വരച്ച ചിത്രങ്ങൾ, കാർട്ടൂണുകൾ തുടങ്ങിയവ ഉൾപെടുത്താം. പേജുകൾ കളറിലും കുട്ടികൾ തന്നെ വരച്ചും എഴുതിയും ലേയൗട്ട് ചെയ്തതു മായിരിക്കണം. കമ്പ്യൂട്ടർ പ്രിന്റ്, ലേയൗട്ട് തുടങ്ങിയ പാടില്ല.

8. മതപ്രസംഗം, നബിദിന പരിപാടികൾ തുടങ്ങിയവയുടെ പരസ്യങ്ങളും മദ്റസാ പരിപാടികളുടെ റിപ്പോർട്ടുകളും ഉൾപെടു ത്താം. മുഖചിത്രം പള്ളി, മദ്റസ, പ്രകൃതി ദൃശ്യങ്ങൾ തുടങ്ങിയവ ആവാം. ജീവനുള്ളവയുടെ ചിത്രങ്ങൾ പാടില്ല.

9. മദ്റസകളിൽ നിന്ന് റെയ്ഞ്ചിലേക്ക് ഫസ്റ്റ് നേടിയ ഒരു മാഗ സിനും റെയ്ഞ്ചുകളിൽ നിന്ന് മേഖല/ജില്ലയിലേക്ക് ഫസ്റ്റ്, സെക്കന്റ് നേടിയ രണ്ട് മാഗസിനുകളും ജില്ലകളിൽ നിന്ന് സംസ്ഥാന ഫെസ്റ്റി ലേക്ക് ഫസ്റ്റ് നേടിയ ഓരോ മാഗസിനും സമർപിക്കേണ്ടതാണ്.

10. റെയ്ഞ്ച്, മേഖല/ജില്ല, സംസ്ഥാന തലങ്ങളിൽ ഫസ്റ്റായി വിജ യിക്കുന്ന ഒരു മാസികക്ക് ട്രോഫിയും കാഷ് അവാർഡും സമ്മാനി ക്കേണ്ടതാണ്.

11. പെൺകുട്ടികളുടെ മത്സര പോയിന്റുകൾ റെയ്ഞ്ച് ഓവറോൾ ചാമ്പ്യൻഷിപ്പിൽ ഉൾപെടുത്തേണ്ടതില്ല. സ്വന്തമായിത്തന്നെ ട്രോഫി നൽകേണ്ടതാണ്.

## III മുഅല്ലിം ഫെസ്റ്റ്

വിദ്യാർത്ഥി ഫെസ്റ്റിനോടൊപ്പം അംഗീകൃത മദ്റസകളിലെ മുഅ ല്ലിംകൾക്കും റെയ്ഞ്ച്- ജില്ലാതല ഇസ്‌ലാമിക കലാ സാഹിത്യമത്സരം സംഘടിപ്പിക്കേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന മുഅല്ലിംകൾ എം.എസ്.ആർ. എടുത്തവരും ചുരുങ്ങിയ പക്ഷം ലോവർ സർട്ടിഫി ക്കറ്റ് നേടിയവരും സ്വദേശ റെയ്ഞ്ചിൽ പേർ റജിസ്റ്റർ ചെയ്തവരുമാ യിരിക്കണം. എം.എസ്.ആറിന് അപേക്ഷിച്ചിട്ട് നമ്പർ കിട്ടാത്തവരെയും കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് ലഭിക്കാത്തവരെയും മത്സര ത്തിൽ പങ്കെടുപ്പിക്കേണ്ടതില്ല.

## മത്സരവിഷയം

1. ഹിസ്ബ് 2. ഹിഫ്ള് 3. ബാങ്ക് (സ്വുബ്ഹ്) 4. അറബി പ്രസംഗം, 5. മലയാളം/തമിഴ്/കന്നഡ പ്രസംഗം, 6. ഉറുദു പ്രസംഗം 7. ചാർട്ട് നിർമാണം (മലയാളം/തമിഴ്/കന്നഡ/ഉറുദു) 8. പാഠക്കുറിപ്പ് (അറബി മലയാളം/ അറബിത്തമിഴ്/കന്നഡ 9. മലയാളം/തമിഴ്/കന്നഡ പ്രബന്ധം 10. മാലപ്പാട്ട് (സഫലമാല മാത്രം) 11. ജുമുഅ ഒന്നും രണ്ടും ഖുഥുബാ രചന (അറബി ഭാഷ) 12. മുശാഅറഃ അറബി (അക്ഷര ശ്ലോകം). 13. ബുർദാ ആലാപനം

### സമയം

1. ഹിസ്ബ്, ഹിഫ്ള് അഞ്ച് മിനുട്ട് 2. പ്രസംഗം, ബുർദാ ആലാപനം പത്ത് മിനുട്ട് 3. അറബി ഖുത്വുബാ രചന ഒരു മണിക്കൂർ 4. പ്രബന്ധം: വിഷയം ലഭിച്ച ശേഷം ഒരു മണിക്കൂർ 5. ചാർട്ട് നിർമാണം നാൽപത്തിയഞ്ച് മിനുട്ട് 6. ബാങ്ക്, മുശാഅറഃ സമയനിർണയമില്ല (എങ്കിലും മുശാഅറ ഒരു മണിക്കൂറിൽ കൂടാതിരിക്കേണ്ടതാണ്.) 7. പാഠക്കുറിപ്പ് 30 മിനുട്ട് 8. മാലപ്പാട്ട്: അഞ്ച് മിനുട്ട്.

## നിബന്ധനകൾ

1. ഹിസ്ബിന് ഖുർആൻ പൂർണമായും, ഹിഫ്ളിന് സൂറത്തുൻ ന്നബഅ് മുതൽ അഅ്ലാ വരെയും യാസീൻ, സജദ, ജുമുഅ, മുനാഫിഖൂൻ, വാഖിഅ, മുൽക് എന്നിവയും തജ്‌വീദിന്റെ പൂർണ നിയമങ്ങളോടെ പരിഗണിക്കപ്പെടും.

2. ബാങ്കിന് തജ്‌വീദ് നിയമങ്ങൾക്കുപറമെ ബാങ്കിന് പറഞ്ഞ എല്ലാ ആദാബുക(സുന്നത്തു)കളും പരിഗണിക്കുന്നതാണ്. ബാങ്ക് അവതരിപ്പിക്കുന്ന സ്റ്റേജ് പടിഞ്ഞാർ ദിശക്കു അഭിമുഖമായിരിക്കുകയോ ദിശ വ്യക്തമാകുന്ന അടയാളം സ്ഥാപിക്കുകയോ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. പ്രസംഗ വിഷയം: പരിപാടി അവതരിപ്പിക്കുന്നതിന് അര മണിക്കൂർ മുമ്പും ഖുതുബ രചന, പ്രബന്ധം, ചാർട്ട് എന്നിവക്ക് ഹാളിൽ പ്രവേശിച്ച ഉടനെയും നൽകുന്നതായിരിക്കും. പ്രബന്ധം മലയാളത്തിൽ എഴുതിയാൽ മതി. എന്നാൽ കേരളത്തിന് പുറത്തെ ജില്ലകളിൽ നിന്നുള്ള മത്സരാർത്ഥികൾക്ക് മലയാളത്തിന് പകരം കന്നട, തമിഴ്, അറബി മലയാളം അറബി തമിഴ്, ഉറുദു ലിപികളിലും എഴുതാം. എന്നാൽ ഒരാൾ തന്നെ രണ്ട് ഭാഷയിലും കൂടി എഴുതിയാൽ ഒന്നിനു മാത്രമേ പരിഗണന ഉണ്ടായിരിക്കുകയുള്ളൂ. എഴുത്ത്, രചനകളിൽ മത്സരിക്കുന്നവർ വെള്ള പേപ്പർ, ചാർട്ട് പേപ്പർ എന്നിവ അല്ലാത്ത; എഴുതാനും വരക്കാനുമുള്ള പേന, പെൻസിൽ, കളർ, സ്കെയിൽ, തുടങ്ങി എല്ലാ ഉപകരണങ്ങളും കൊണ്ടുവരേണ്ടതാണ്.

4. ബുർദാ ആലാപനം: ബുർദ ആലാപനത്തിന് അമീർ അടക്കം 5 പേരുണ്ടായിരിക്കേണ്ടതും ഖസ്വീദത്തുൽ ബുർദയിലെ വരികൾ മാത്രം ചൊല്ലി അവതരിപ്പിക്കേണ്ടതുമാണ്. ബുർദ ഈരടികൾക്കൊപ്പം മൂക്കു കൊണ്ടോ വായ കൊണ്ടോ ഉണ്ടാക്കുന്ന മറ്റു ശബ്ദഅകമ്പടികൾ ഉണ്ടാവാൻ പാടില്ല. നിന്നും ഇരുന്നും സാരാനുസൃതവും ഭക്തിദ്യോതകവുമായ ശരീര അവയവ ആംഗ്യവും ആകാവുന്നതാണ്. മിഴിവേകുന്നതിന് ചിലമ്പില്ലാത്ത ഒരു ദഫോ അറബനയോ മാത്രം ഉപയോഗിക്കാവുന്നതുമാണ്. ഒന്നിലധികം ദഫോ ബുർദയല്ലാത്ത ബൈതുകളോ അനുവദിക്കുന്നതല്ല. (ജവാബിന് മൗലീദ് ബൈത്തിലെ ജവാബും ആകാം). റെയ്ഞ്ച്തല ബുർദാ മത്സരത്തിൽ അഞ്ചുപേരെ തികക്കാൻ ഒന്നിലധികം മദ്റസകൾ കൂട്ടുചേർന്നുള്ള മത്സരം അനുവദിക്കുന്നതല്ല.

5. മുശാഅറഃ ജൂറി ആദ്യം ഒരുവരി അറബി പദ്യം (രണ്ട് കാണ്ഡം) പൂർണമായി ചൊല്ലുന്നു. അതിന്റെ അവസാനത്തെ അക്ഷരം ഉപയോഗിച്ച് ആദ്യത്തെയാൾ മറ്റൊരു പദ്യം ചൊല്ലുന്നു. തുടർന്നു ഓരോരുത്തരുടെയും പദ്യത്തിന്റെ അവസാനത്തെ അക്ഷരം ഉപയോഗിച്ച് മറ്റുള്ളവരും. അവസാനത്തിൽ ഉച്ചാരണത്തിൽ വരാത്ത അക്ഷരമാണെങ്കിൽ തൊട്ടുമുമ്പുള്ള അക്ഷരംകൊണ്ടാണ് അടുത്തയാൾ തുടങ്ങേണ്ടത്. ഉടൻ ചൊല്ലാൻ കിട്ടാത്തവർക്ക് ഓർമിച്ചെടുക്കാൻ 15 സെക്കന്റ് വരെ അനുവദിക്കാവുന്നതാണ്. എന്നിട്ടും കഴിയാത്തവർ പുറത്തുപോകും. 16-ാമത് സെക്കന്റ് മുതൽ അടുത്ത ആളുടെ ഊഴമായി പരിഗണിക്കേണ്ടതാണ്. മത്സരാർത്ഥികൾ എല്ലാം ഒരേ സമയം സ്റ്റേജിൽ അണിനിരക്കേണ്ടതും ചൊല്ലുന്ന പദ്യം അറബി വ്യാകരണ നിയമം അനുസരിച്ചു നേരത്തെ രചിക്കപ്പെട്ടിട്ടുള്ളതും ചോദിച്ചാൽ ഉറവിടം പറയാൻ കഴിയുന്നതുമായിരിക്കണം. തൽസമയ രചന എല്ലാ നിയമങ്ങളും ഒത്തതാണെങ്കിലും പരിഗണിക്കയില്ല.

6. ഖുത്വുബ, പോസ്റ്റർ രചനകൾ വിഷയം ലഭിച്ച ശേഷവും പാഠക്കുറിപ്പിന് പാഠം നിർണ്ണയിച്ച് കിതാബുകൾ ലഭിച്ച ശേഷവും ഒരു മണിക്കൂറിനുള്ളിൽ തയ്യാറാക്കി ഏൽപിക്കേണ്ടതാണ്.

7. ഒരു മുഅല്ലിമിന് മൂന്ന് വ്യക്തിഗത ഇനങ്ങളിൽ മത്സരിക്കാവുന്നതാണ്. (സമൂഹ പരിപാടികൾ ഇതിൽ നിന്നൊഴിവാണ്.) എന്നാൽ നിയമാനുസരണം കോഴ്സും, എം.എസ്.ആറും ഇല്ലാത്തവർക്ക് മത്സരത്തിൽ പങ്കെടുക്കുവാൻ പാടില്ലാത്തതുമാണ്. ഫോറത്തിൽ രേഖപ്പെടുത്തിയ എം.എസ്.ആർ. സർട്ടിഫിക്കറ്റ് നമ്പറുകൾ ശരിയാണോ എന്ന് പരിശോധിച്ചു ഉറപ്പ് വരുത്തേണ്ടതാണ്. ഓഫീസ് പരിശോധനയിൽ തെറ്റാണെന്ന് തെളിഞ്ഞാൽ ആ മുഅല്ലിമിന് മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുണ്ടായിരിക്കുന്നതല്ല.

8. ആവശ്യമെന്ന് തോന്നുന്നപക്ഷം ജില്ലകൾക്ക് സൗകര്യാർത്ഥം വിവിധ മേഖലകളാക്കിത്തിരിച്ച് മത്സരം നടത്താവുന്നതും, മേഖലാ വിജയികൾക്ക് പിന്നീട് ജില്ലാതല മത്സരം സംഘടിപ്പിച്ച് അതിൽ വിജയിച്ചവരെ മാത്രം സ്റ്റേറ്റ് മത്സരത്തിനയക്കേണ്ടതുമാണ്. മേഖലകളാക്കി മത്സരിക്കുന്ന ജില്ലകളും നിശ്ചിത തിയ്യതിക്ക് തന്നെ സ്റ്റേറ്റ് മത്സരത്തിനുള്ള ലിസ്റ്റ് ഓഫീസിൽ ഏൽപിക്കേണ്ടതാണ്. ഒരു ജില്ലക്കും ഒന്നിലധികം പ്രാതിനിധ്യം നൽകുന്നതല്ല.

9. റെയ്ഞ്ച് മത്സരങ്ങളിൽ ഓരോ ഇനത്തിലും ഫസ്റ്റ് നേടിയവരുടെ ലിസ്റ്റ് 01-02-2017ന് മുമ്പായി ജില്ലയിലേക്കും, ജില്ലാ തലത്തിൽ ഫസ്റ്റ് നേടിയവരുടെ ലിസ്റ്റ് 01-04-2017നകം സെൻട്രൽ കൗൺസിൽ ഓഫീസിലേക്കും അയക്കേണ്ടതാണ്. നിശ്ചിത തിയ്യതിക്കു ശേഷം കിട്ടുന്ന ലിസ്റ്റുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

10. വിജയികളുടെ ലിസ്റ്റ് ഇതോടൊപ്പമുള്ള ഫോറത്തിൽ വെട്ടിത്തിരുത്തൽ കൂടാതെ കൃത്യമായും വൃത്തിയായും പൂരിപ്പിച്ച് റെയ്ഞ്ച്/ജില്ലാ പ്രസിഡണ്ട്, സെക്രട്ടറി, ടീം മാനേജർ എന്നിവരുടെ ഒപ്പും സീലും രേഖപ്പെടുത്തി അയക്കേണ്ടതാണ്. പൂർണ വിവരങ്ങൾ ഇല്ലാത്തതും നിശ്ചിത തിയ്യതി കഴിഞ്ഞു ലഭിക്കുന്നതുമായ ലിസ്റ്റുകളും പിന്നീട് ആവശ്യപ്പെടുന്ന തിരുത്തലുകളും സ്വീകരിക്കപ്പെടുന്നതല്ല.

11. മത്സരാർത്ഥികൾ യഥാസമയം തന്നെ വേദിയിലെത്തി നേരത്തെ നൽകിയ ലിസ്റ്റനുസരിച്ച് തന്നെ പരിപാടി അവതരിപ്പിക്കേണ്ടതാണ്. മാറ്റത്തിരുത്തലിനോ നഷ്ടപ്പെട്ട പരിപാടി പിന്നീട് അവതരിപ്പിക്കാനോ അനുവദിക്കുന്നതല്ല. ഓരോ പരിപാടി അവസാനിക്കുമ്പോഴും അതത് സ്റ്റേജിലെ ജൂറി ലീഡർ ആ ഇനത്തിലെ വിജയികളെ അപ്പോൾ തന്നെ പ്രഖ്യാപിക്കേണ്ടതാണ്. റെയ്ഞ്ച് ജില്ലാ മത്സരങ്ങളിൽ ഒരു വിഷയത്തിൽ ഒരു ഫസ്റ്റ് മാത്രമേ ഉണ്ടാവാൻ പാടുള്ളൂ. ജൂറിമാരുടെ തീരുമാനം അന്തിമമായിരിക്കുന്നതും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതും യാതൊരു കാരണവശാലും എതിരെ പരാതിയോ അപ്പീലോ സ്വീകരിക്കാൻ പാടില്ലാത്തതുമാണ്.

12. സമാപന പരിപാടിയിൽ വെച്ച് തന്നെ കാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്യപ്പെടുന്നതാണ്. മത്സരവിജയികൾ യഥാസമയം തന്നെ അവ ഏറ്റുവാങ്ങേണ്ടതുമാണ്. പിന്നീട് ലഭിച്ചില്ലെന്ന പരാതി ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. സ്റ്റേറ്റ് മത്സരത്തിൽ പങ്കെടുത്ത മറ്റു മുഅല്ലിംകൾക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ പരിപാടി അവതരിപ്പിച്ച ഉടനെ നൽകുന്നതും ചെസ്റ്റ് നമ്പർ കാണിച്ച് അത് അപ്പോൾതന്നെ കൈപറ്റേണ്ടതുമാണ്. (റെയ്ഞ്ച് ജില്ലാ തലത്തിൽ പാർട്ടിസിപ്പേഷൻ സർഫിക്കറ്റുകൾ നൽകേണ്ടതില്ല.)

13. ഓവറോൾ ചാമ്പ്യൻഷിപ്പിന്റെ അർഹത തീരുമാനിക്കുന്നത് എല്ലാ വിഭാഗം വിദ്യാർത്ഥികളുടെയും മത്സര ഇനങ്ങളിൽ നേടിയ മുഴുവൻ പോയന്റുകളുടെയും അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. മുഅല്ലിം ഫെസ്റ്റിന്റെ പോയിന്റ് ഉൾപെടുത്തേണ്ടതില്ല. അതിന് വേറെ തന്നെ ട്രോഫി നൽകേണ്ടതാണ്.

14. കലാ സാഹിത്യ മത്സരത്തിന് നേതൃത്വം നൽകുന്നതിനും മറ്റും ഓരോ ജില്ലക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കേണ്ടതും ജില്ലയിൽ നിന്ന് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പൂർണ ഉത്തരവാദിത്വം അദ്ദേഹത്തിനായിരിക്കുന്നതുമാണ്.

15. മുഅല്ലിംകളുടെ റെയ്ഞ്ച്- ജില്ലാ തല മത്സരങ്ങൾ നടത്തുന്നതിനുള്ള ചെലവുകൾ അതത് കമ്മിറ്റികൾ തന്നെ വഹിക്കേണ്ടതാണ്. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നവരുടെയും അവർക്ക് നേതൃത്വം നൽകുന്ന ഒരു ടീം മാനേജരുടെയും ഭക്ഷണം, താമസം എന്നിവ സെൻട്രൽ കൗൺസിൽ വഹിക്കുന്നതും കൂടുതൽ വരുന്നവരുടെ താമസം, ഭക്ഷണം എന്നിവ അവരവർ തന്നെ വഹിക്കേണ്ടതുമാണ്.

16. മത്സരത്തിൽ പങ്കെടുക്കാനെത്തുന്ന മുഅല്ലിംകൾ സ്വഭാവത്തിലും പെരുമാറ്റത്തിലും വേഷത്തിലും മാതൃകാപൂർണരും മര്യാദകൾ പാലിക്കുന്നവരുമായിരിക്കണം.

16. സമസ്തയുടെ അംഗീകാരമില്ലാത്ത കോഴ്സുകളോ സർട്ടിഫിക്കറ്റുകളോ ഉള്ളവർ സ്റ്റേറ്റ് പരിപാടിയിൽ സംബന്ധിക്കുകയാണെങ്കിൽ അവർ നമ്മുടെ പ്രവർത്തകരാണെന് തെളിയിക്കുന്ന ജില്ലയുടെ സാക്ഷ്യപത്രം സംസ്ഥാന ലിസ്റ്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്തവരെ മത്സരത്തിൽ പരിഗണിക്കുന്നതല്ല അത്തരം മത്സരാർത്ഥികൾ നാട്ടിലെ SYS/SKSSF ശാഖയുടെ സാക്ഷ്യപത്രം റെയ്ഞ്ച് ലിസ്റ്റിനോടൊപ്പം നൽകിയിരിക്കണം. അതനുസരിച്ച് റെയ്ഞ്ച് ജില്ലയുടെ ലിസ്റ്റിനോടൊപ്പവും ആവശ്യമാണെങ്കിൽ ജില്ലയുടെത് സ്റ്റേറ്റിനും നൽകേണ്ടതാണ്.

## മാർക്ക് മാനദണ്ഡങ്ങൾ

I. **ഖിറാഅത്ത്: 1. സാംസ്കാരിക വ്യക്തിത്വം** (വേഷം 5, സലാം 5) 2. **ഉച്ചാരണശുദ്ധി** (മഖ്റജ് 10, ശദ്ദ്, മദ്ദ് 5) 3. **പാരായണനിയമം** (ഇള്ഹാർ 5, ഇഖ്‌ലാബ് 5, ഇഖ്ഫാഅ് 5, ഇദ്ഗാം 5, ഗുന്നത്ത് 5, തഫ്ഖീം 5, തർഖീഖ് 5) 4.**ശൈലി** (വഖ്ഫ് 5, ഇബ്തിദാഅ് 5. ശബ്ദമാധുര്യം 5, രാഗാത്മകത 5). **5. പാരായണരീതി** (ഒഴുക്ക്)

II. **ഹിഫ്ള്: സാംസ്കാരിക വ്യക്തിത്വം** (വേഷം 4, സലാം 5) 2. **ഉച്ചാരണശുദ്ധി** (മഖ്റജ് 10, ശദ്ദ്, മദ്ദ് 5) 3. **പാരായണനിയമം** (ഇ

ള്ഹാർ 3, ഇഖ്‌ലാബ് 3, ഇഖ്ഫാഅ് 3, ഇദ്ഗാം 3, ഗുന്നത്ത് 3, തഫ്ഖീം 3, തർഖീഖ് 3) 4 **.ശൈലി** (വഖ്ഫ് 5, ഇബ്തിദാഅ് 5. ശബ്ദമാധുര്യം 5, രാഗാത്മകത 5) 5. **പാരായണരീതി** (ഒഴുക്ക് 10, മനഃപാഠം 25).

III **ബാങ്ക്: 1. സാംസ്കാരിക വ്യക്തിത്വം** (വേഷം 4, സലാം 4) 2. **ഉച്ചാരണ ശുദ്ധി** (മഖ്റജ് 15 ശദ്ദ് മദ്ദ് 5) 3. **തജ്‌വീദ് നിയമങ്ങൾ** (ഇള്ഹാർ 5, ഇഖ്ഫാഅ് 5, ഇദ്ഗാം 5, ഗുന്നത്ത് 5). 4. **ആദാബുകൾ** (ആമുഖ സ്വലാത്ത് 5, തല മറയ്ക്കുക 5, ശുദ്ധി 5, ദിശ 5, ചെവിയടക്കൽ 5, മടക്കിപ്പറയൽ 5, മുഖം തിരിക്കൽ 5, ദുആഅ് 5) 5. **ശൈലി** (ശബ്ദമാധുര്യം 3 രാഗാത്മകത 3, ആരോഹണം 3, അവരോഹണം 3).

IV **അറബി, ഉറുദു, മലയാളം, /കന്നഡ/തമിഴ് പ്രസംഗങ്ങൾ:** 1. **സാംസ്കാരിക വ്യക്തിത്വം** (വേഷം 4, സലാം 4) 2. **ഉള്ളടക്കം** (ഭാഷാശുദ്ധി 5, വിഷയബന്ധം 5) 3. **അവതരണം** (ജ്ഞാനബോധം 15, ആശയപൂർണത 15) 4. **ധാരാവാഹിത്വം** (സഭാഭിമുഖശീലം 12, ഒഴുക്ക് 12) 5. **ശൈലി** (ആശയവ്യക്തത 6, ഉച്ചാരണ സ്ഫുടത 6, ശബ്ദനിയന്ത്രണം 6) 6. **ഭാവഹാവം** (മുഖഭാവം 5, അംഗവിക്ഷേപം 5).

V **അറബി-മലയാളം/ഉറുദു/കന്നഡ/തമിഴ് സിംഗിൾ ഗാനങ്ങൾ, മാലപ്പാട്ടുൾ, പടപ്പാട്ടുകൾ:** 1. **സാംസ്കാരിക വ്യക്തിത്വം** (വേഷം 4, സലാം 4) 2. **അവതരണം** (സാഹിത്യമേന്മ 10, രചനാഗുണം 10, ആശയ മഹത്വം 10) 3. **ശ്രുതി** (സ്വരഭംഗി 12, ഈണം 12) 4. **ലയം** (ശബ്ദസ്ഥായി 12, ഉള്ളടക്കം 12) 5. **താളം** (ഭാവം 14).

VI **ഇസ്‌ലാമിക സമൂഹ ഗാനം (മലയാളം, തമിഴ്, കന്നഡ/ഉറുദു):** 1. **സാംസ്കാരിക വ്യക്തിത്വം** (വേഷം 4, സലാം 4) 2. **അവതരണം** (സാഹിത്യമേന്മ 10, രചനാഗുണം 10, ആശയ മഹത്വം 10) 3. **ശ്രുതി** (സ്വരഭംഗി 8, സ്വര ഐക്യം 8 ഈണം 8, ഉച്ചാരണശുദ്ധി 8) 4. **ലയം** (ശബ്ദസ്ഥായി 10, ഉള്ളടക്കം 10) 5. **താളം** (ഭാവം 10).

VII **ഇസ്‌ലാമിക കഥാപ്രസംഗം (മലയാളം, തമിഴ്, കന്നഡ/ഉറുദു):** 1. **സാംസ്കാരിക വ്യക്തിത്വം** (വേഷം 4, സലാം 4) 2. **ഉള്ളടക്കം** (ആശയമേന്മ 10, വിഷയബന്ധം 10) 3. **അവതരണം** (ഭാഷാശുദ്ധി 10, രചനാഗുണം 10, ഉച്ചാരണസ്ഫുടത 10) 4. **ശൈലി** (സഭാഭിമുഖ ശീലം 8, ഒഴുക്ക് 8) 5. **ശ്രുതി** (സ്വരമാധുര്യം 8, ഈണം 8) 6. **താളം** (ഭാവം 5, സന്ദർഭോചിതഅംഗവിക്ഷേപം 5).

VIII **ബുർദാ ആലാപനം:** 1. **സാംസ്കാരിക വ്യക്തിത്വം** (വേഷം 5, സലാം 5) 2. **അവതരണം** (അവതരണ ശൈലി 15, ഉച്ചാരണശുദ്ധി 15, ആകർഷണീയത 10) 2. **ശ്രുതി** (സ്വരമാധുര്യം 10, ഈണം 10) 3. **ലയം** (സ്വരഐക്യം 10, ശബ്ദനിയന്ത്രണം 10) 5. **താളം** (ഭക്തിഭാവം 5, ശരീര വിക്ഷേപം 5).

IX **മലയാളം/കന്നഡ/തമിഴ്/ഉറുദു വിളംബരം (അ**

**നൗൺസ്മെന്റ്): 1. സാംസ്കാരിക വ്യക്തിത്വം** (വേഷം 5, സലാം 5,) 2. **ഉള്ളടക്കം** (വിഷയബന്ധം 10, ആശയപൂർണത 10) 3. **അവതരണം** (രചനാഗുണം 10, സാഹിത്യമേന്മ 10, ഉച്ചാരണശുദ്ധി 5, ആകർഷണീയത 5), 4. **ശൈലി** സ്വരമാധുരി 10, ശബ്ദനിയന്ത്രണം 10, ഒഴുക്ക് 10), 5. **വേഗത** (വ്യക്തത 5, പൂർണത 5).

X **കഥാകഥനം: 1. സാംസ്കാരിക വ്യക്തിത്വം** (വേഷം 5, സലാം 5,) 2. **ഉള്ളടക്കം** (വിഷയബന്ധം 20, പൂർണത 10), 3. **അവതരണം** (ഉച്ചാരണശുദ്ധി 20, ആകർഷകത്വം 20), 4. **ശൈലി** ശബ്ദഭംഗി 10, ഒഴുക്ക് 10).

XI **അറബി, അറബി മലയാളം, അറബി തമിഴ് കൈയെഴുത്ത്:** 1. **കലാമേന്മ** (അക്ഷര വടിവ് 20, ആകർഷകത്വം 20) 2. **ലേഖന നിയമം.** (ചിഹ്നങ്ങൾ (./,/-/!/:/;/'/'/?) 10, ഖണ്ഡിക 10), 3. **ലേഖനക്രമം** (എഴുത്തിന്റെ തുടക്കം 5, ഒടുക്കം 5, ഇറക്കം 5, കയറ്റം 5) 4. **വേഗത** (പൂർണത 10, വ്യക്തത 10).

XII **ചിത്രരചന:** 1. **കലാമേന്മ** (ആകർഷണീയത 25, ഭാവന 30, വർണ സംയോജനം 25), 2. **വേഗത** (പൂർണത 10, വ്യക്തത 10).

XIII **പോസ്റ്റർ നിർമാണം- (മലയാളം/തമിഴ്/കന്നഡ/ഉറുദു:)** 1. **അവതരണം** (മേറ്റർ ക്രമീകരണം 15 . അക്ഷരവൈവിധ്യം 15), 2. **ആകർഷണീയത** (ഭാവന 30, ഒഴുക്ക് 20) 3. **വേഗത** (പുർണത 10, വ്യക്തത 10).

XIV **പ്രബന്ധ രചന (മലയാളം/കന്നഡ/തമിഴ്/ഉറുദു:)** 1. **ഉള്ളടക്കം** (ആശയ വ്യക്തത 10, വിഷയ ബന്ധം 10, കോട്ടിങ്ങ് 10) 2. **അവതരണം** (സാഹിത്യമേന്മ 10, അക്ഷരവൃത്തി 10, രചനാ വൈഭവം (വ്യാകരണം) 10, 3. **ലേഖനനിയമം** (ചിഹ്നങ്ങൾ (./,/-/!/:/;/'/'/?) 6, ഖണ്ഡിക 6), 4. **ലേഖന ക്രമം** (ആമുഖം 6, വിഷയവിവരണം 6, ഉപസംഹാരം 6) 5. **വേഗത** (പൂർണത 5, വ്യക്തത 5).

XV **കൈയെഴുത്ത് മാസിക (അറബി മലയാളം) 1. ഉള്ളടക്കം** (ആശയ വ്യക്തത 10, വിഷയബന്ധം 10), 2. **അവതരണം** (മേറ്റർ ക്രമീകരണം 10, അക്ഷരശുദ്ധി 10, തലക്കെട്ട് 10, വിഷയവിവരണം 10) 3. **ആകർഷണീയത** (ലേയൗട്ട് & ബൈന്റിങ് 40)

XVI **വാർത്താകുറിപ്പ് തയ്യാറാക്കൽ (മലയാളം/കന്നഡ/തമിഴ്/ഉറുദു:)** 1. **ആകർഷണീയത** (തലക്കെട്ട് 10, വൈഭവം 10, ലേഖന ക്രമം, വിഷയവിവരണം 10, പൂർണത 10, വ്യക്തത 10) 2. **അവതരണം** (മേറ്റർ ക്രമീകരണം 10, ഭാഷാശുദ്ധി 10, പദക്രമീകരണം 10. **3. ഉള്ളടക്കം** (ആശയ വ്യക്തത 10, വിഷയബന്ധം 10)

XVII **ജുമുഅ ഖുത്വുബ (അറബി): 1. ഉള്ളടക്കം** (ആശയ പൂർണത 10, വിഷയ ബന്ധം 10, കോട്ടിങ്ങ് (ഉദ്ധരണി 10) 2. **അവതരണം** (സാ

ഹിത്യമേന്മ 10, അക്ഷരവൃത്തി 10, രചനാ വൈഭവം 10) 3. **ലേഖന ക്രമം** (ആമുഖം 5, വിഷയവിവരണം 5, ഉപസംഹാരം 5) 4. **നിയമങ്ങൾ** (ഫർള് 5, ശർത്വ് 5, സുന്നത്ത് 5, (അനുബന്ധം) 5. **വേഗത** (പൂർണത 5, വ്യക്തത 5)

XVIII **പാഠക്കുറിപ്പ് തയ്യാറാക്കൽ (അറബി മലയാളം/ അറബിത്തമിഴ്/ഉറുദു/കന്നഡ): 1. ഉള്ളടക്കം** (പാഠബന്ധം 10) **2.ലേഖനരൂപം** (അക്ഷരവൃത്തി 15, വാക്യഘടന 15) 3. **ലേഖനക്രമം** (കോളം 15, ഘട്ടം 15, പരീക്ഷ 10) 3. **വേഗത** (പൂർണത 10, വ്യക്തത 10)

XIX **ചാർട്ട് നിർമാണം: (അറബി, അറബി മലയാളം/ അറബിത്തമിഴ്/കന്നഡ)** 1. **കലാമേന്മ** ( മേറ്റർ ക്രമീകരണം 20, ആകർഷകത്വം 20, അക്ഷരവടിവ് 10) 2. **ഭാവന** (നിർമാണരീതി 15, അക്ഷരരൂപം 15) 3. **വേഗത** (വ്യക്തത 10, പൂർണത 10)

XX**പദയപ്പയറ്റ്, മുശാഅറ:** അവസാനം പുറത്തുപോകുന്ന മത്സരാർത്ഥി **ഫസ്റ്റും** തൊട്ടുമുമ്പത്തെ ആൾ **സെക്കന്റും** അതിനുമുമ്പത്തെ ആൾ **തേഡുമായി** പരിഗണിക്കണം.

XX1 **ഓർമപരിശോധന:** അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ പ്രദർശിപ്പിക്കപ്പെട്ട വസ്തുക്കളിൽ ഏറ്റവും കൂടുതൽ എണ്ണത്തിന്റെ പേരുകൾ ഓർമയിൽനിന്ന് പകർത്തിയെഴുതിയ ആൾ **ഫസ്റ്റും,** തൊട്ടടുത്ത ആൾ **സെക്കന്റും**, അതിനടുത്ത ആൾ **തേഡു**മായിരിക്കും.

XXII **ക്വിസ്:** 20 ചോദ്യമുണ്ടായിരിക്കേണ്ടതും ഒരു ചോദ്യത്തിന് 5 എന്ന തോതിൽ മാർക്ക് നൽകേണ്ടതുമാണ്.

**സ്ഥാനം:** ഫസ്റ്റ്, സെക്കന്റ്, തേഡ് എന്നീ സ്ഥാനം നേടുന്നവർക്ക് 5,3,1 എന്നിങ്ങനെയാണ് പോയിന്റുകൾ നൽകേണ്ടത്. എന്നാൽ സമൂഹ ഇനങ്ങളിൽ ഇത് യഥാക്രമം 10, 5, 3 എന്നിങ്ങനെയായി പരിഗണിക്കണം.

**ഗ്രേഡ്:** മുശാഅറ, പദപ്പയറ്റ് അല്ലാത്ത എല്ലാ ഇനങ്ങളിലും നിശ്ചിതശതമാനം മാർക്കുണ്ടെങ്കിൽ ഗ്രേഡും നൽകേണ്ടതാണ്. 'എ' ഗ്രേഡിന് അഞ്ചും 'ബി'ക്ക് മൂന്നും 'സി'ക്ക് ഒന്നുംവീതം പോയിന്റുകളാണ് നൽകേണ്ടത്. 60 മുതൽ 69 ശതമാനം വരെ മാർക്കുള്ളവർ 'സി' ഗ്രേഡായും 70-79 വരെ 'ബി' ആയും 80 ശതമാനത്തിനു മുകളിൽ 'എ' ഗ്രേഡായും പരിഗണിക്കേണ്ടതാണ്.

എന്ന്

03-10-18 ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി(ഒപ്പ്)

സമസ്താലയം ജനറൽ സെക്രട്ടറി SKJMCC